**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5148** **14-03-2023 - ൽ മറുപടിയ്ക്ക്**

**കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരംഭിച്ച കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമ പദ്ധതിയിൽ ഇപ്പോൾ എത്ര തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്; | (എ) | ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരംഭിച്ച കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ നിലവിൽ 1,64,761 തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗത്വം നേടുന്നവർക്ക് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.<br><br>മരണാനന്തര ധനസഹായമായി 25,000/- രൂപ നൽകുന്നു. കേരള സംസ്ഥാനത്തിനകത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കെ മരണമടയുന്ന ഏതൊരു കുടിയേറ്റ തൊഴിലാളിക്കും 2 ലക്ഷം രൂപ മരണാനന്തര ആനുകൂല്യം നൽകുന്നു. ജോലിക്കിടെ അപകടം മൂലം പരിക്കേൽക്കുന്ന അംഗത്തിനും സ്ഥായിയായി അവശത അനുഭവിക്കുന്ന അംഗത്തിനും ആശ്വാസ ധനസഹായം 25,000/- രൂപ വരെ നൽകുന്നു. ചികിത്സാ ധനസഹായം പരമാവധി 25,000/- രൂപ വരെയും, ആശുപത്രിയിലെ കിടത്തി ചികിത്സയ്ക്ക് പരമാവധി 20,000/- രൂപ വരെയും അനുവദിക്കുന്നതാണ്. ടെർമിനൽ ബെനിഫിറ്റ് ആയി കുറഞ്ഞത് 25,000/- രൂപയും പരമാവധി 50,000/- രൂപയും, ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് ധനസഹായം പരമാവധി 50,000/- രൂപ വരെയും വിദ്യാഭ്യാസ ഗ്രാന്റിന് 1,000/- രൂപ മുതൽ 3,000/- വരെയും നൽകിവരുന്നു. കൂടാതെ പ്രസവാനുകൂല്യത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.<br><br>പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആനുകൂല്യങ്ങൾ സത്വരം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എന്തൊക്കെ ആനുകൂല്യങ്ങളാണ് ഈ ക്ഷേമപദ്ധതി വഴി ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗത്വം നേടുന്നവർക്ക് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.<br><br>മരണാനന്തര ധനസഹായമായി 25,000/- രൂപ നൽകുന്നു. കേരള സംസ്ഥാനത്തിനകത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കെ മരണമടയുന്ന ഏതൊരു കുടിയേറ്റ തൊഴിലാളിക്കും 2 ലക്ഷം രൂപ മരണാനന്തര ആനുകൂല്യം നൽകുന്നു. ജോലിക്കിടെ അപകടം മൂലം പരിക്കേൽക്കുന്ന അംഗത്തിനും സ്ഥായിയായി അവശത അനുഭവിക്കുന്ന അംഗത്തിനും ആശ്വാസ ധനസഹായം 25,000/- രൂപ വരെ നൽകുന്നു. ചികിത്സാ ധനസഹായം പരമാവധി 25,000/- രൂപ വരെയും, ആശുപത്രിയിലെ കിടത്തി ചികിത്സയ്ക്ക് പരമാവധി 20,000/- രൂപ വരെയും അനുവദിക്കുന്നതാണ്. ടെർമിനൽ ബെനിഫിറ്റ് ആയി കുറഞ്ഞത് 25,000/- രൂപയും പരമാവധി 50,000/- രൂപയും, ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് ധനസഹായം പരമാവധി 50,000/- രൂപ വരെയും വിദ്യാഭ്യാസ ഗ്രാന്റിന് 1,000/- രൂപ മുതൽ 3,000/- വരെയും നൽകിവരുന്നു. കൂടാതെ പ്രസവാനുകൂല്യത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.<br><br>പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആനുകൂല്യങ്ങൾ സത്വരം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ